(സി) ഇത്തരം കേസുകളിൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും ബന്ധുക്കൾക്ക് വിട്ടുനൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മൃതദേഹങ്ങൾ യഥാസമയം നാട്ടിലെത്തിച്ച് ബന്ധുക്കൾക്ക് വിട്ടുകൊടുക്കുന്നതിനായി സ്ഥിരം സംവിധാനം ഇല്ലാത്ത പക്ഷം ആയത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലെ നിയമനടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസംമൂലം ചില കേസ്സുകളിൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ചില സമയങ്ങളിൽ കാലതാമസം നേരിടാറുണ്ട്.

(ബി) സർക്കാരിന്റെ അറിവിൽ മൃതദേഹം നാട്ടിലെത്തിക്കുവാൻ കഴിയാത്ത കേസ്സുകൾ ഇപ്പോൾ നിലവിലില്ല.

(സി) വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന മലയാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ കുടുംബാംഗങ്ങളിൽനിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസ്സികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും അടിയന്തരമായി നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസിയുടെ സഹായത്തോടെ പ്രവാസികാര്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മരണപ്പെട്ട പ്രവാസികളുടെ കുടുംബാംഗങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടാണ് ഇന്ത്യൻ എംബസികൾ മൃതദേഹം നാട്ടിലെത്തിക്കുന്നത്.

(ഡി) ECR (Emigration Clearance Required) രാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ ഭൗതിക ശരീരം തിരികെ നാട്ടിലെത്തിക്കുന്നതിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ www.mroia.gov.in എന്ന വെബ്സൈറ്റിൽ ഒരു സോഫ്റ്റ്വെയർ മോഡ്യൂൾ 12-8-2014 മുതൽ ലഭ്യമാണ്. വിദേശ രാജ്യങ്ങളിൽ നിന്നും മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലില്ല. അതേസമയം മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ, എംബസിയോ വഹിക്കാത്ത സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് 'കാരുണ്യം' എന്ന പദ്ധതി നിലവിലുണ്ട്.

**നോർക്ക ഓഫീസ്**

84 (1555) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ നോർക്ക ഓഫീസ് പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നോർക്ക ഓഫീസ് ഇല്ലാത്ത ജില്ലകളിൽ അവ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ നോർക്ക ഓഫീസ് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) നോർക്ക ഓഫീസിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിനു പുറമേ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ആതന്റിക്കേഷൻ സെന്ററുകളും, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി&സി) നോർക്ക സെല്ലുകൾ ആരംഭിച്ചിട്ടില്ലാത്ത കാസർഗോഡ് ജില്ലയിൽ നോർക്ക സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആലപ്പുഴ, വയനാട് എന്നീ ജില്ലകളിൽ നോർക്ക സെൽ തുടങ്ങുന്നതിനുള്ള സ്ഥല ലഭ്യത സംബന്ധിച്ച വിഷയത്തിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നോർക്ക-റൂട്ട്സ് നടപ്പാക്കുന്ന വിവിധ ധനസഹായ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട്, കാരുണ്യം തുടങ്ങിയവയുടെയും, പ്രവാസി തിരിച്ചറിയൽ കാർഡിന്റെയും അപേക്ഷകൾ സ്വീകരിക്കുക, ടി അപേക്ഷകർക്ക് അതത് ജില്ലകളിൽ ഹിയറിംഗ് നൽകുക, ജില്ലാതല അറ്റസ്റ്റേഷൻ സൗകര്യങ്ങൾ നൽകുക, പ്രവാസികളുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങിയവ നോർക്ക ജില്ല സെല്ലുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളാണ്.

**പ്രവാസി മലയാളികളുടെ ക്ഷേമം**

85 (1556) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടേയും കുടുംബങ്ങളുടെയും ക്ഷേമം മുൻ നിർത്തി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly